ഉത്തരം

(എ,ബി) പ്രസ്തുത റിംഗ് റോഡ് നാലു റീച്ചുകളായിട്ടാണ് പ്രൊപ്പോസ് ചെയ്തിരുന്നത്. അതിൽ ഒന്നാമത്തെ റീച്ചായ ബി1 ബി1 (തിരുവല്ല-കുമ്പഴറോഡിൽ കി.മീ. 29/400 നും കൈപ്പട്ടൂർ-പത്തനംതിട്ട റോഡിൽ കി.മീ. 5/600) റീച്ചിന്റെ പണി 11/97-ൽ തീർന്നു രണ്ടാമത്തെ റീച്ചായ (എ1, എ1) കൈപ്പട്ടൂർ-പത്തനംതിട്ട റോഡിൽ കി.മീ. 5/600 ന് ഇടയ്ക്കുള്ള റീച്ചിന്റെ പണി പുരോഗതിയിലാണ്. മൂന്നാമത്തെ റീച്ചിന് (ഡി1,ഡി1) ഭരണാനുമതി നൽകിയിട്ടുണ്ട്. നാലാമത്തെ റീച്ചായ സി1,സി1 ന്റെ പണികൾക്കായിട്ടുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. നടപടിക്രമങ്ങൾ പൂർത്തിയായി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പണികൾ ആരംഭിക്കുന്നതാണ്.

കൂത്താട്ടുകുളം-അഞ്ചൽപ്പെട്ടി-പിറവം റോഡ്

55 (698)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്താട്ടുകുളം, അഞ്ചൽപ്പെട്ടി-പിറവം റോഡിലെ വളവുകൾ നിവർത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഓണക്കൂർ മുതൽ പിറവം വരെയുള്ള റോഡിലെ വളവുകളിൽ ധാരാളം അപകടങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വളവുകൾ നിവർത്തുന്നതിനുള്ള നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഓണക്കൂർ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണികൾ എന്നത്തേക്ക് പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നു കൊടുക്കും?

ഉത്തരം

(എ) വളവുകൾ നിവർത്തുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ബി) ഉണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അപ്രോച്ച് റോഡിന്റെ മെറ്റലിംഗ് പണികൾ നടന്നുവരുന്നു. പണികളെല്ലാം പൂർത്തിയാക്കി താമസിയാതെ ഗതാഗതത്തിന് തുറന്നു കൊടുക്കുന്നതാണ്.

റിയൽ എസ്റ്റേറ്റിന്റെ തീറാധാരങ്ങൾ

56(706)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും വിവിധ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും റിയൽ എസ്റ്റേറ്റിന്റെ എത്ര തീറാധാരങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ബിനാമി ഏർപ്പാടിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly